# കുടുംബശ്രീ

പഞ്ചായത്തിലെ ദാരിദ്ര്യ-പിന്നോക്ക സമൂഹങ്ങളെ സംഘടിപ്പിച്ച് 2001 മുതൽ പ്രവർത്തനം ആരംഭിച്ച സംവിധാനമാണ് കുടുംബശ്രീ അയൽക്കൂട്ടങ്ങൾ. ബി.പി.എൽ, എ.പി.എൽ വിഭാഗത്തിലെ തൊഴിൽ രഹിതരായ കുടുംബാംഗങ്ങളെ ചേർത്ത് അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് കുടുംബശ്രീ മിഷനുമായി അഫിലിയേറ്റ് ചെയ്ത് പ്രവർത്തിച്ചു വരുന്നു.

വാർഡ് തലത്തിൽ എ.ഡി.എസ് ഉം പഞ്ചായത്ത് തലത്തിൽ സി.ഡി.എസ് ഉം കുടുംബശ്രീ അയൽക്കൂട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നു.

***കുടുംബശ്രീ അയൽക്കൂട്ടങ്ങളെ ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ***

1. ലഘു സമ്പാദ്യ പദ്ധതി
2. ലഘു വായ്പാ പദ്ധതി
3. തൊഴിലധിഷ്ഠിത ബാങ്ക് ലിങ്കേജ് വായ്പ
4. വനിതാ ശാക്തീകരണ പരിപാടി
5. ആശ്രയ പുനരധിവാസ പദ്ധതി
6. ബോധവൽക്കരണ പരിപാടി
7. സംഘകൃഷി
8. ബാലസഭ

ആഴ്ചയോഗങ്ങൾ പ്രതിമാസ മേഖലയോഗങ്ങളെ പഞ്ചായത്തുതല സി.ഡി.എസ് യോഗങ്ങൾ, വിലയിരുത്തൽ യോഗങ്ങൾ എന്നിവയാണ് ചട്ടപ്രകാരമുള്ള സാധാരണ ഒത്തുചേരലുകൾ

കുടുംബശ്രീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും കണക്കുകളുടെ ക്രമീകരണത്തിനും കേന്ദ്രീകൃത പരിശീലനം വിപണനം എന്നിവയ്ക്കും ഉതകുന്ന വിധത്തിൽ ഒരു സി.ഡി.എസ് ഓഫീസ് കിഴുവിലം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

**കിഴുവിലം ഗ്രാമപഞ്ചായത്ത്**

↓

**പഞ്ചായത്തുതല വിലയിരുത്തൽ സമിതി**

↓

**കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി (സി.ഡി.എസ്)**

(ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, 19 അംഗങ്ങൾ)

↓

**ഏര്യ ഡെവലപ്മെന്റ് സൊസൈറ്റി (എ ഡി.എസ്) വാർഡ് യോഗങ്ങൾ**

**അയൽക്കൂട്ടങ്ങൾ**

കിഴുവിലം ഗ്രാമപഞ്ചായത്ത്
മുടപുരം. പി.ഒ., പിൻ-695 304, തിരുവനന്തപുരം ജില്ല
ഫോൺ : 0470 - 2640342, Email: kizhvilamgp@gmail.com

## ഹരിതകർമ്മസേന
## ''എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം''

ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ വ്യവസ്ഥകൾ സംസ്ഥാനത്തിന് നടപ്പിലാക്കുന്നത് സംബന്ധിച്ച് ബഹു. നാഷണൽ ഗ്രീൻ ട്രിബ്യൂണൽ കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിലും തുടർനടപടികൾ നിരീക്ഷിച്ചുവരുന്ന സാഹചര്യത്തിലും ഖരമാലിന്യപരിപാലന പദ്ധതികൾ അതീവ പ്രാധാന്യത്തോടുകൂടി നടപ്പിലാക്കാൻ കിഴുവിലം ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്.

നിലവിൽ അജൈവമാലിന്യങ്ങൾ പൊതുനിരത്തുകളിലും ജലാശയങ്ങളിലും വലിച്ചെറിയുന്നതും കത്തിക്കുന്നതും ഉൾപ്പെടെയുള്ള അശാസ്ത്രീയ മാർഗ്ഗങ്ങൾ പൊതുജനങ്ങൾ കൈക്കൊള്ളുന്നതായി പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപ്രകാരം മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് പിഴയോ തടവുശിക്ഷയോ ലഭിക്കാവുന്ന കുറ്റമാണ്.

ജൈവമാലിന്യങ്ങൾ (അഴുകുന്ന മാലിന്യങ്ങളായ ഭക്ഷണാവശിഷ്ടങ്ങൾ, പച്ചക്കറിയുടെ അവശിഷ്ടങ്ങൾ മുതലായവ) ശാസ്ത്രീയ മാർഗ്ഗങ്ങൾ (കമ്പോസ്റ്റ്പിറ്റ്/സോക്ക്പിറ്റ്) ഉപയോഗിച്ച് സംസ്കരിക്കേണ്ടതും ആയതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സേവനം വിനിയോഗിക്കാവുന്നതുമാണ്. അജൈവ മാലിന്യങ്ങളുടെ സംസ്കരണത്തിന് ഹരിതകർമ്മസേനയുടെ വാതിൽപ്പടി സേവനം പൂർണ്ണമായി പ്രയോജനപ്പെടുത്തേണ്ടതും യൂസർഫീ ഇനത്തിൽ വീടുകൾ 50 രൂപയും മറ്റ് സ്ഥാപനങ്ങൾ 100 രൂപയും ഹരിത കർമ്മസേനയ്ക്ക് പ്രതിമാസം നൽകേണ്ടതും കാർഡിൽ രേഖപ്പെടുത്തി വാങ്ങേണ്ടതുമാണ്. പ്രസ്തുത രസീത് വീട്ടുനികുതി/കടകളുടെ ലൈസൻസ് ഒടുക്കുന്ന സമയത്തോ പഞ്ചായത്ത് ആവശ്യപ്പെടുന്ന സമയത്തോ ഹാജരാക്കേണ്ടതുമാകുന്നു.

മാലിന്യം തുറന്ന പ്രദേശങ്ങളിൽ വലിച്ചെറിയുന്നതുമൂലം മണ്ണിനും പ്രകൃതിക്കും ഉണ്ടാകുന്ന നാശം ഒരു പരിധിവരെ നിയന്ത്രിക്കാൻ ശാസ്ത്രീയമായ രീതിയിൽ മാലിന്യം സംസ്കരിക്കുന്നതിലൂടെ നമുക്ക് കഴിയും. നമ്മുടെ നാടിനെ മാലിന്യമുക്തമാക്കിക്കൊണ്ട് നമ്മുടേയും ഭാവിതലമുറയുടേയും ആരോഗ്യമുള്ള ജീവിതത്തിനുവേണ്ടി പ്രവർത്തിക്കുവാൻ എല്ലാവരും സഹകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

| | | |
|---|---|---|
| .യൂസർഫീ<br>(പ്രതിമാസം) | വീടുകൾക്ക്<br>കച്ചവടസ്ഥാപനങ്ങൾക്ക് | 50 രൂപ<br>100 രൂപ |

## പാഴ്‌വസ്തു ശേഖരണം കലണ്ടർ

| ക്രമ നം. | ഇനം | ശേഖരിക്കുന്ന മാസം |
|---|---|---|
| 1 | പേപ്പർ, പ്ലാസ്റ്റിക് കവറുകൾ, പാൽ കവർ,ടൂത്ത് ബ്രഷ്, ടൂത്ത് പേസ്റ്റ്, ഒഴിഞ്ഞ കവർ, ഒഴിഞ്ഞ എണ്ണ കവർ, പലവ്യഞ്ജന സാധനങ്ങൾ ലഭ്യമാക്കുന്നകാലി കവറുകൾ | എല്ലാ മാസവും |
| 2 | ചെരുപ്പ്, ബാഗ്, തെർമോകോൾ | ജനുവരി, ഏപ്രിൽ ജൂലൈ, ഒക്ടോബർ |
| 3 | കണ്ണാടി, കുപ്പി, ചില്ല് മാലിന്യങ്ങൾ | ഫെബ്രുവരി, മേയ് ഓഗസ്റ്റ്, നവംബർ |
| 4 | ഇ-മാലിന്യം (ട്യൂബ് ലൈറ്റ്, സി.എഫ്.എൽ, ബാറ്ററി ഉൾപ്പെടെ) | മാർച്ച്, ജൂൺ ഡിസംബർ |
| 5 | മരുന്ന് സ്ട്രിപ്പുകൾ | ജനുവരി, മാർച്ച്, ജൂൺ, സെപ്റ്റംബർ, ഡിസംബർ |
| 6 | തുണിമാലിന്യം | ഏപ്രിൽ, സെപ്റ്റംബർ |

**മാലിന്യം വലിച്ചെറിയുന്നതിനുള്ള ശിക്ഷ**

1. ഇന്ത്യൻ പീനൽകോഡ് വകുപ്പ് 269 പ്രകാരം 6 മാസം വരെ തടവും പിഴയും ശിക്ഷ ലഭിക്കും.
2. ഖരമാലിന്യ പരിപാലന ചട്ടങ്ങളിലെ ചട്ടം (4) (2) പരിസ്ഥിതി സംരക്ഷണ നിയമം 1986 വകുപ്പ് 15 എന്നിവ പ്രകാരം 5 വർഷം വരെ തടവോ 1 ലക്ഷം രൂപ വരെ പിഴയോടും കൂടിയോ ലഭിക്കാം.
3. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 വകുപ്പ് 219 വി.1/കേരള മുനിസിപ്പാലിറ്റി ആക്ട് 1994 വകുപ്പ് 334 എ എന്നിവ പ്രകാരം 6 മാസം മുതൽ 1 വർഷം വരെ തടവോ 10000 രൂപ മുതൽ 50000 രൂപ വരെ പിഴയോടും കൂടിയോ ലഭിക്കാം.

**മാലിന്യം കത്തിച്ചാലുള്ള ശിക്ഷ**

1. ഇന്ത്യൻ പീനൽകോഡ് വകുപ്പ് 278 പ്രകാരം 500 രൂപ പിഴ കേരള പഞ്ചായത്ത് രാജ് ആക്ട് 1994 വകുപ്പ് 219 വി.1/കേരള മുനിസിപ്പാലിറ്റി ആക്ട് 1994 വകുപ്പ് 344 എ എന്നിവ പ്രകാരം 6 മാസം മുതൽ 1 വർഷം വരെ തടവോ 10000 രൂപ മുതൽ 50000 രൂപ വരെ പിഴയോടും കൂടിയോ ലഭിക്കാം.

**മാലിന്യം ഒഴുക്കിവിട്ടാലുള്ള ശിക്ഷ**

1. കേരള ജലസേചനവും ജലസംരക്ഷണവും നിയമം 2003 വകുപ്പ് 70(3), 72(സി) എന്നിവ പ്രകാരം 3 വർഷം വരെ തടവും 2 ലക്ഷം വരെ പിഴയും ലഭിക്കാം
2. ജലമലിനീകരണ നിയന്ത്രണവും നിവാരണവും നിയമം 1974 വകുപ്പ് 43 പ്രകാരം ഒന്നര വർഷത്തിൽ കുറയാതെ 6 വർഷം വരെ നീളാവുന്ന തടവും പിഴയും ലഭിക്കാം.
3. ഇന്ത്യൻ പീനൽകോഡ് വകുപ്പ് 269 പ്രകാരം 6 മാസം വരെ തടവും പിഴയും ശിക്ഷ ലഭിക്കാം. ഠകരള പഞ്ചായത്ത് രാജ് ആക്ട് 1994 വകുപ്പ് പ്രകാരം 219 (എസ്) 219 (റ്റി)
4. കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 340 (എ) എന്നിവ പ്രകാരം 10000 രൂപയിൽ കുറയാതെ 25000 രൂപ വരെ പിഴയും 6 മാസത്തിൽ  കുറയാതെ 1 വർഷം വരെ തടവും ലഭിക്കാം.

# കിഴുവിലം ഗ്രാമപഞ്ചായത്ത് ഹരിതകർമ്മസേന അംഗങ്ങളുടെ വിവരങ്ങൾ

| വാർഡ് | പേര് | ഫോൺ നമ്പർ |
|---|---|---|
| 1 | ജെസ്മി ജി കുമാർ | 9539607310 |
| | മിനി. കെ.എസ് | 8943560898 |
| 2 | തുളസി. ജി.ബി | 9037504700 |
| | ജെസീല. എസ് | 7356556464 |
| 3 | ജ്യോതി. എസ് | 9048880356 |
| | ബീന. ബി.വി | 9846904115 |
| 4 | രാധാമണി. ഒ | 9961906251 |
| | ലതിക. എ | 9961906251 |
| 5 | ബീന. എൽ | 8156843343 |
| | ശോഭ. എ | 8606668422 |
| 6 | വിനിത. വി.ആർ | 9605314731 |
| | നിഷ ബിനു | 7994260180 |
| 7 | രാഗിണി | 8129432161 |
| | ഷീബ. എസ് | 8606386918 |
| 8 | | |
| | ഷീജ. ഒ | 9847680528 |
| 9 | ഷീല. എസ് | 7034455495 |
| | ഗംഗ. ഒ | 9744808497 |
| 10 | ശ്രീജ. എം.ബി | 9562627178 |
| | മനില. കെ | 8089817572 |
| 11 | കാർത്തികേയൻ | 7994753895 |
| | ലേഖ. എം.എസ് | 9995348981 |
| 12 | ചിന്നു | 9562519136 |
| | ബിന്ദു. എ.ആർ | 8606165480 |
| 13 | സിന്ധു. എസ് | 9746043965 |
| | രെഞ്ചു. എസ് | 9048825143 |
| 14 | അശ്വതി | 9202545284 |
| | സ്മിത | 7559837342 |
| 15 | പുഷ്പഗിരി. കെ | 8547341556 |
| | ഗീതു. ആർ | 8592983514 |
| 16 | സുമം. എം | 7559837861 |
| | സുജി. എസ് | 9745095242 |
| 17 | രാജി. റ്റി | 9605133442 |
| | ബിന്ദു രമണൻ | 9947469500 |
| 18 | ലിജി. ആർ.വി | 9400034399 |
| | അശ്വതി. ഒ | 7510868409 |
| 19 | സരോജിനി അമ്മ | 8592936475 |
| | ദീപ. ജി | 7306893771 |
| 20 | അമ്മിണി. ഡി.കെ | 9567634815 |
| | ലത | 9061299620 |

Notes

## Notes

## കെട്ടിട നികുതി ഓൺലൈനിൽ അടച്ചാലുള്ള ഗുണങ്ങൾ

എല്ലാ വിവരങ്ങളും വ്യക്തമായി
അടങ്ങിയ രസീത് ലഭിക്കും

സമയലാഭം

നികതി അടച്ച രസീത് നഷ്ടമായാലും
എപ്പോൾ വേണമെങ്കിലും വീണ്ടും
ഡൗൺലോഡ് ചെയ്യാനുള്ള സൗകര്യം

ക്യു നിൽക്കേണ്ട ആവശ്യമില്ല

ലോകത്ത് എവിടെ ഇരുന്നു വേണേലും
അടയ്ക്കാനുള്ള സൗകര്യം

pay online - tax.lsgkerala.gov.in